**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല കൊടുങ്ങല്ലൂർ നഗരസഭ, മേത്തല വില്ലേജ് സർവ്വേ നമ്പർ 1061/6-2 ൽ പെട്ട സ്ഥലത്ത് പെട്രോൾ പമ്പ് നിർമാണം-കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1 ശ്രീമതി.ശ്രീലേഖ സേനൻ എന്നയാളുടെ 12/01/2021 ലെ അപേക്ഷയും അനുബന്ധങ്ങളും.

2. തൃശ്ശൂർ ജില്ലാ ടൗൺ പ്ലാനറുടെ 17/02/2021-ലെ TCPTSR/54/2021-C2 നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ്. നം. TCPCTP/464/2021 -ഡി.ഡിസ് തീയതി:02/03/2021**

---

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭ പരിധിയിലുള്ള മേത്തല വില്ലേജിൽ റീ സർവ്വെ നം. 1061/6-2 ൽ ഉൾപ്പെട്ട 1698.56 ച.മീ. സ്ഥലത്ത് പെട്രോൾ പമ്പിനായി വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള 1213.40 ച.മീ സ്ഥലത്ത് ആകെ 267.27 ച.മീ വിസ്തീർണമുള്ള (Sales Building-36.65 ച.മീ + Canopy Area -230.62 ച.മീ) Group-I വിഭാഗത്തിൽപ്പെടുന്ന പെട്രോൾ പമ്പ് നിർമിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.ശ്രീലേഖ സേനൻ എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കൊടുങ്ങല്ലൂർ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ-2019 ലെ മുഴുവൻ ചട്ടങ്ങൾക്കും 2020 ലെ അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ-2019 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപപരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കനുസൃതമായി സജ്ജീകരിക്കേണ്ടതാണ്.
4. ജില്ലാ കളക്ടറിൽ നിന്നും, ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും, പൊല്യൂഷൻ കണ്ട്രോൾ ബോർഡിൽ നിന്നും, മറ്റ ഏജൻസികളിൽ നിന്നും നിയമാനുസൃതം ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതും അവയിലെ നിബന്ധനകൾ പാലിക്കേണ്ടതുമാണ്.
5. റീട്ടെയിൽ ഡിസ്പെൻസിങ്ങ് യൂണിറ്റിന് ചട്ടം അനുശാസിക്കുന്ന പ്രകാരം ക്ലിയർ സ്പേസ് 7.50 മീറ്റർ ലഭ്യമാകുന്ന പ്രകാരം ക്രമീകരിക്കണം.
6. ടി നിർമ്മാണവും പ്രവർത്തനവും പരിസരവാസികളുടെ സ്വൈരജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. ടി നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ഇൻസിറ്റു ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, റീ സൈക്ലിംഗ് ആന്റ്



GOVERNMENT OF KERALA

റീയൂസിംഗ് വേസ്റ്റ് വാട്ടർ സംവിധാനങ്ങൾ ഇവ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

9. നിർദ്ദിഷ്ട നിർമ്മാണത്തിന്റെ ഉപയോഗം സുഗമമാക്കുന്ന രീതിയിൽ ചട്ട പ്രകാരം പെട്രോൾ ഔട്ട്- ലെറ്റിനായുള്ള കോമ്പൗണ്ട് വേർതിരിക്കേണ്ടതാണ്.
10. 2002-ലെ പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ ചട്ടങ്ങൾക്ക് വിധേയമായി അനുമതി ലഭ്യമാക്കേണ്ടതും നിർമ്മാണം നടത്തേണ്ടതുമാണ്.
11. നിർദ്ദിഷ്ട നിർമ്മാണം കൊടുങ്ങല്ലൂർ നഗരസഭ പബ്ലിഷ്ഡ് മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങൾക്ക് അനുസൃതമാണെന്നും, റോഡ് വികസനത്തിനായി പ്ലോട്ടിൽ നിന്നും സ്ഥലം ഒഴിവാക്കി നൽകിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.
12. എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ ഔട്ട് അംഗീകാരം / നിർമ്മാണ അനുമതി എന്നിവ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signature valid

Digitally signed by JAYASREE P R
Date: 2021.03.02 16:23:50 IST
Reason: Approved

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

ടൗൺ പ്ലാനർ,
തൃശ്ശൂർ

പകർപ്പ്:-

1. Smt.Sreelekha Senan, W/o Saiji Kanadi, Kanadi House, Peringottukara, Kizhakumuri, Thrissur-680571
2. സെക്രട്ടറി,
   കൊടുങ്ങല്ലൂർ നഗരസഭ,
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

മിനി01/03/21

2141210

GOVERNMENT OF KERALA